**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1484** **07-02-2023 - ൽ മറുപടിയ്ക്ക്**

**തുറവൂർ വില്ലേജിൽ വാതക്കാട് എസ്.സി കോളനി റോഡ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | എറണാകുളം ജില്ലയിലെ വാതക്കാട് പട്ടികജാതി കോളനി പ്രദേശത്ത് സർക്കാർ നിർമ്മിച്ച് നൽകിയ വീടുകളിലേയ്ക്ക് പോകുന്ന റോഡിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് കൃഷി വകുപ്പ് സെക്രട്ടറിയുടെ 18.10.2022-ലെ 396/ എൻ.സി.എ/2022/കൃഷി നമ്പർ കത്ത് എന്നാണ് കളക്ടർക്ക് ലഭിച്ചതെന്ന് വ്യക്തമാക്കാമോ; | (എ) | തുറവൂർ വില്ലേജിലെ വാതക്കാട് എസ്.സി.കോളനി റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് കൃഷി വകുപ്പ് സെക്രട്ടറിയുടെ 18/10/22-ലെ 396/ എൻ.സി.എ/2022/കൃഷി നമ്പർ കത്ത് 22/10/2022-ൽ എറണാകുളം കളക്ടറേറ്റിൽ ലഭിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത കത്തിന്മേൽ കളക്ടർ എന്നാണ് സർക്കാരിന് റിപ്പോർട്ട് നൽകിയത് പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പും ലഭ്യമാക്കാമോ; | (ബി) | തുറവൂർ വില്ലേജിലെ വാതക്കാട് എസ്.സി.കോളനി റോഡ് നിർമ്മാണ സ്ഥലം നേരിൽ പരിശോധിച്ച് വിശദമായ റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഫോർട്ട് കൊച്ചി സബ് കളക്ടർക്ക് 31/10/2022-ന് നിർദ്ദേശം നൽകിയിട്ടുള്ളതാണ്. ഫോർട്ട് കൊച്ചി സബ് കളക്ടറിൽ നിന്നും റിപ്പോർട്ട് ലഭ്യമാകാത്തതിനാൽ സർക്കാരിലേക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടില്ലാത്തതാണ്. |
| (സി) | പ്രസ്തുത പ്രദേശത്തെ രോഗികളെ കസേരയിൽ ചുമന്ന് കൊണ്ടു പോകുന്ന സ്ഥിതിക്ക് പരിഹാരം കാണുന്ന വിഷയത്തിൽ കളക്ടറോട് റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടും ആയത് വൈകിപ്പിക്കുന്ന നടപടി പരിശോധിക്കുമോ; പ്രസ്തുത റിപ്പോർട്ട് വേഗത്തിൽ ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ? | (സി) | പ്രസ്തുത വിഷയത്തിൽ വളരെ അടിയന്തിരമായി റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഫോർട്ട് കൊച്ചി സബ് കളക്ടർക്ക് എറണാകുളം ജില്ലാ കളക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ